"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കണ്ണൂർജില്ല- പിണറായി ഗ്രാമപഞ്ചായത്ത്- ഗ്രൂപ്പ് - D ഗണത്തിൽപെട്ട ആഡിറ്റോറിയം നിർമ്മാണം- കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 ചട്ടം 3(4) പ്രകാരം ഇളവ് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്

G.O.(Rt)No.2037/2020/LSGD തീയതി,തിരുവനന്തപുരം, 30/10/2020

പരാമർശം:- 1 21.08.2020 ലെ പിണറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ A3- 7532/ 17 നമ്പർ കത്ത്

2 കണ്ണൂർ ജില്ലാ ടൗൺപ്ലാനറുടെ 27.08.2020 ലെ TCPKNR/782/2020-C നമ്പർ കത്ത്

3 ചീഫ് ടൗൺപ്ലാനറുടെ 5.10.2020 ലെ TCPCTP/1533/2020- D3 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ പിണറായി ഗ്രാമപഞ്ചായത്തിൽ പിണറായി അംശം , കിഴക്കം ഭാഗം ദേശം , റീസർവ്വേ നമ്പർ 7/6- ൽ ഉൾപ്പെട്ട 6730 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള പ്ലോട്ടിൽ നിർമ്മാണം പൂർത്തീകരിച്ച ഇരുനിലകളുള്ള 2736.50 ചതുരശ്ര മീറ്റർ വിസ്തൃതിയിലെ ഗ്രൂപ്പ് - D ഗണത്തിൽപെട്ട ആഡിറ്റോറിയം കെട്ടിടം നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നതിനാൽ , പൊതു ആവശ്യത്തിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തിയതാണെന്ന് പരിഗണിച്ച് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 3 (4) പ്രകാരം , കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം പിണറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു.

2) പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 26(4) – Open Space around the building, 76(1) – Ground water recharging, 77-Roof top Solar energy installation, 78-Solar assisted water heating system എന്നിവയുടെ ലംഘനങ്ങളുണ്ടെന്നും ഇവയിൽ 76(1),77,78 എന്നീ ചട്ടങ്ങൾ പരിഹരിക്കാനാകുന്നവയാണെന്നും, കെട്ടിടത്തിന് മുൻഭാഗത്ത് 8 . 5 മീറ്റർ വേണ്ടയിടത്ത് 27.4 മീറ്ററും , ഒരു വശത്ത് 4.0 മീറ്റർ വേണ്ടയിടത്ത് 22.4 മീ ഉം നൽകിയിട്ടുണ്ടെന്നും എന്നാൽ മറുവശത്ത് 4 . 0 മീ വേണ്ടയിടത്ത് 1 . 0 മീ ഉം പിൻഭാഗത്ത് 6 . 0 മീ വേണ്ടയിടത്ത് 0 . 43 മീ ആണ് ലഭ്യമാകുന്നതെന്നും, ആയത് ചട്ടം 26 (4) ന്റെ ലംഘനമാണെന്നും, മറ്റ് ചട്ടങ്ങളെല്ലാം പാലിക്കുതിനാലും ചട്ടലംഘനങ്ങൾ ഗുരുതരമല്ലാത്തതിനാലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 3(4) പ്രകാരംകേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 2 6 ( 4 ) ന ഇളവ് അനുവദിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ജില്ലാ ടൗൺ പ്ലാനർ ചീഫ് ടൗൺപ്ലാനർക്ക് ശിപാർശ

നൽകിയിട്ടുണ്ട് .

3) ഒരു പൊതു ആവശ്യത്തിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തിയ നിർമ്മാണമാണെന്നത് പരിഗണിച്ച് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 76(1), 77, 78 എന്നിവ പാലിക്കണമെന്ന ഉപാധികളോടെ പ്രസ്തുത നിർമ്മാണത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 3(4) പ്രകാരം ചട്ടം 26(4) ന് ഇളവ് നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ചീഫ് ടൗൺപ്ലാനറും ശിപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ചീഫ് ടൗൺപ്ലാനറുടെ പരാമർശം (3) ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ പിണറായി ഗ്രാമപഞ്ചായത്തിൽ പിണറായി അംശം, കിഴക്കും ഭാഗം ദേശം, റീസർവ്വേ നമ്പർ 7/6- ൽ ഉൾപ്പെട്ട 6730 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള പ്ലോട്ടിൽ നിർമ്മാണം പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇരുനിലകളുള്ള 2736.50 ചതുരശ്ര മീറ്റർ വിസ്തൃതിയിലെ ഗ്രൂപ്പ് - D ഗണത്തിൽപെട്ട ആഡിറ്റോറിയം പൊതു ആവശ്യത്തിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തിയ നിർമ്മാണമാണെന്നത് പരിഗണിച്ച് ചട്ടം 76(1), 77, 78 എന്നിവ പാലിക്കണമെന്ന നിബന്ധനയോടെ പ്രസ്തുത നിർമ്മാണത്തിന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 3(4) പ്രകാരം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ചട്ടം 26(4) ന് ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAJUKUMAR N
DEPUTY SECRETARY

പകർപ്പ്
ചീഫ് ടൗൺപ്ലാനർ, തിരുവനന്തപുരം
ജില്ലാ ടൗൺപ്ലാനർ, കണ്ണൂർ
സെക്രട്ടറി, പിണറായി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം (പ്രസിദ്ധീകരണത്തിനായി )
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ